ICPS 1/31845/14

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി : 19.07.2016

## സർക്കുലർ

വിഷയം: സാ.നീ.വ-ഐ.സി.പി.എസ്-വകുപ്പിന്റെ കീഴിലുള്ള ജെ.ജെ. സ്ഥാപനങ്ങൾ-ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന : സർക്കാർ കത്ത് നമ്പർ 14826/എ2/2015 തീയതി : 01.01.2016

ജെ.ജെ. സ്ഥാപനങ്ങൾ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനായി സർക്കാരിനു പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ ജെ.ജെ കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ചട്ടം 2014 സെക്ഷൻ 86 ൽ പറഞ്ഞിട്ടുള്ള രേഖകളെല്ലാം ഉൾക്കൊള്ളിക്കണമെന്ന് വ്യവസ്ഥയുണ്ട് അപ്രകാരം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.

1. ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്.
2. മൊമ്മേറാണ്ടം ഓഫ് അസോസിയേഷൻ/ബൈ ലോ യുടെ പകർപ്പ്.
3. മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ പേരും മേൽവിലാസവും.
4. റൂൾസ് ആന്റ് റെഗുലേഷൻസിന്റെ പകർപ്പ്.
5. സൊസൈറ്റി അംഗങ്ങളുടെ ലിസ്റ്റ്.
6. സ്ഥാപനം നൽകിയിട്ടുള്ള ചൈൽഡ് കെയർ സർവ്വീസിനെ കുറിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ്.
7. കഴിഞ്ഞ മൂന്നു വർഷങ്ങളുടെ. ആഡിറ്റഡ് അക്കൗണ്ട്സ് അടക്കമുള്ള വാർഷിക റിപ്പോർട്ട്.
8. സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ.
9. സ്ഥാപനം നൽകിയിട്ടുള്ള സോഷ്യൽ/പബ്ലിക് സർവ്വീസ് സംബന്ധിച്ച ലഘുവിവരണം.
10. സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും സ്ഥാപനത്തിന്റെയും പ്ലാൻ.
11. സ്ഥാപനത്തിൽ ബോഡിംഗ് ആന്റ് ലോഡ്ജിംഗിനായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ.
12. സ്ഥാപനത്തിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ.
13. ജെ.ജെ ആക്ടും റൂൾസും അനുസരിച്ചുള്ള എല്ലാ സ്റ്റാൻഡേർഡും സ്ഥാപനം നിലനിർത്തുന്നു എന്നും അതനനുസരിച്ചുള്ള ശ്രദ്ധയും പരിചരണവും കുട്ടികൾക്ക് ലഭ്യമാക്കുന്നുവെന്നും കാണിച്ചു കൊണ്ടുള്ള സൂപ്രണ്ടിന്റെ സാക്ഷ്യപത്രം.

മേൽ സൂചിപ്പിച്ച എല്ലാ രേഖകളും ജെ.ജെ സ്ഥാപനങ്ങൾക്ക് സമർപ്പിക്കാനാവില്ല. റൂളിൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ, വകുപ്പിന്റെ ജെ.ജെ. സ്ഥാപനങ്ങൾക്കു മാത്രമായി പ്രത്യേക ഫോറം തയ്യാറാക്കി ഉപയോഗിയ്ക്കാൻ പറ്റുകയില്ല. അതിനാൽ 2014 ജെ.ജെ ചട്ടങ്ങൾ പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം XL ഉപയോഗിയ്ക്കാവുന്നതും വകുപ്പിന്റെ സ്ഥാപനങ്ങൾക്ക് അനുയോജ്യമല്ലാത്തിടത്ത് "ബാധകമല്ല" എന്നു രേഖപ്പെടുത്താവുന്നതുമാണ്. ഈ സാഹചര്യത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നൽകാൻ സാധിക്കുന്ന താഴെ

പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്ഥാപന മേധാവികൾ രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

<u>അപേക്ഷയോടൊപ്പം വയ്ക്കേണ്ട രേഖകൾ</u>

1. മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ പേരും മേൽവിലാസവും.
2. സ്ഥാപനത്തിന്റെ നടന്നുവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച സംക്ഷിപ്തമായ റിപ്പോർട്ട്.
3. കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തന റിപ്പോർട്ട്.
4. കഴിഞ്ഞ മൂന്നു വർഷത്തെ വരവു ചെലവു സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.,(സൂപ്രണ്ടിന്റെ സാക്ഷ്യപത്രം)
5. സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും പ്ലാനുകളും കെട്ടിടത്തിലെ സ്ഥലവിസ്തൃതിയും കണക്കാക്കിയിട്ടുള്ള Proprietor റുടെ സാക്ഷ്യപത്രവും. (രജിസ്ട്രേഷനു വേണ്ടി സ്ഥാപനം ആദ്യം നൽകുന്ന അപേക്ഷയിൽ മാത്രം ഉൾക്കൊള്ളിച്ചാൽ മതി. രജിസ്ട്രേഷൻ പുതുക്കുവാൻ ഇതാവശ്യമില്ല.)
6. സ്ഥാപനത്തിൽ കുട്ടികളുടെ ആവശ്യത്തിനായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ.
7. ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ.(പേര്, തസ്തിക, ശമ്പളസ്കെയിലും ശമ്പളവും മുതലായ വിവരങ്ങൾ ഉൾക്കൊള്ളിയ്ക്കണം)
8. സ്ഥാപനത്തിന്റെ സേവിംഗ്സ് ബാങ്ക്/ട്രഷറി അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ.
9. 2015 ലെ ജെ.ജെ. നിയമത്തിലും അതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ളതും, നിലവാരത്തിലുള്ളതുമായ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും, താമസക്കാരായ കുട്ടികൾക്ക് യാതൊരുവിധത്തിലുള്ള പീഢനങ്ങളോ, ചൂഷണമോ, അവഗണനയോ, ഉണ്ടാകാതെ സ്ഥാപനം പരിപാലിക്കാമെന്നുള്ള സൂപ്രണ്ടിന്റെ സാക്ഷ്യപത്രം.
10. ഡി.സി.പി.ഒ.മാർ പ്രസ്തുത അപേക്ഷ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മേൽ സൂചിപ്പിച്ച രേഖകൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് പരിശോധിയ്ക്കേണ്ടതുമാണ്.

Abhaneesh Kumar
PM
സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.
എല്ലാ. ജെ.ജെ. സ്ഥാപന സൂപ്രണ്ടുമാർക്കും.

<u>പകർപ്പ്</u>

1. ICPS 2
2. ICPS 4
3. സ്റ്റോക്ക് ഫയൽ